"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 15.01.2019 – ലെ 4(4) നമ്പർ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2266/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 03/12/2020

---

പരാമർശം:- 1 എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 15.01.2019 ലെ 4(4) നമ്പർ തീരുമാനം.

2 30.08.2019 - ൽ ഈ വകുപ്പിന് ലഭിച്ച റിയാസ് ടി.ടി യുടെ നിവേദനം.

3 പഞ്ചായത്ത് ഡയറക്ടറുടെ 02.07.2020 ലെ PAN/12807/2019-D4(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് റിയാസ്. ടി.ടി, ശ്രീ. ഹംസ എന്നിവർ അസാധാരണമായ വിധം വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനാൽ, സ്ഥിരം ശല്യക്കാരനായി പ്രഖ്യാപിക്കുന്നതിനും മേലിൽ അവരുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ മറുപടി നൽകേണ്ടതില്ലെന്ന് ഉത്തരവുണ്ടാകുന്നതിനും ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷനോട് അപേക്ഷിക്കുന്നതിന് പരാമർശം (1) പ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. മേൽ തീരുമനാനത്തിനെതിരെ ശ്രീ. റിയാസ്. ടി.ടി. പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ ഇതിനെതിരെ നടപടി ആവശ്യപ്പെട്ടിരുന്നു. പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത് പ്രസ്തുത തീരുമാനം നിയമപരമായി നിലനിൽക്കില്ല എന്നാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ തീരുമാനം നിയമപരമല്ലാത്തതിനാൽ, ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15.01.2019 – ലെ 4(4) നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് 191-ാം വകുപ്പ് (4)-ം ഉപവകുപ്പ് പ്രകാരം താല്കാലികമായി നിറുത്തിവച്ച് കൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്ട് 191-ം വകുപ്പ് (2)-ം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് നല്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നല്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

റിയാസ്. ടി.ടി, തെക്കെതൊടിക ഹൗസ്, പെരകമണ്ണ 676 541, ഒതായി, മലപ്പുറം ജില്ല.

സെക്രട്ടറി, ഗ്രാമപഞ്ചായത്ത് എടവണ്ണ,

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ